# പി.എസ്.സി.യുടെ 'അടവ്_20'!

ശങ്കരനാരായണൻ മലപ്പുറം

മെഡിക്കൽ ബിരുദം നേടിയയാൾ സർക്കാർ ജോലിക്കപേക്ഷിച്ചപ്പോൾ, ഡോക്ടറായതുകൊണ്ട് ചെത്തുന്ന തെങ്ങിനെ നികുതിയിൽ നിന്ന് ഒഴിവാക്കാമെന്ന അരുളപ്പാടുണ്ടായ നാടാണിത്. അധികാരത്തിന്റെ അകത്തളങ്ങളിൽ നിന്ന് ആട്ടിയകറ്റപ്പെട്ട അവർണ ജനതയ്ക്ക് ഭരണത്തിലെ പങ്കാളിത്തം തെല്ലെങ്കിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യം വെച്ചാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. സമരം ചെയ്തു നേടിയെടുത്ത ഈ അവകാശം അട്ടിമറിക്കാനുള്ള ശ്രമം പണ്ടുമുതലേ നടന്നിട്ടുണ്ട്. മാറിമാറി വരുന്ന ഭരണകൂടങ്ങളുടെ ഒത്താശയോടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷനും ഇക്കാര്യത്തിൽ നല്ല 'സേവനം' ചെയ്തുവരുന്നുണ്ട്. പി. എസ്. സി.യുടെ ഈ 'സേവന'ത്തിന്റെ പേരാണ് 'അടവ്-20'.

കേരളത്തിൽ പിന്നാക്കക്കാർക്ക് 40ഉം പട്ടികജാതി വർഗ്ഗക്കാർക്ക് 10ഉം അടക്കം 50 ശതമാനമാണ് സംവരണം. നിയമിക്കുന്നത് എത്ര പേരെയാണെങ്കിലും 20-ന്റെ ഓരോ യൂണിറ്റാക്കിയാണ് പി. എസ്. സി. ഉദ്യോഗാർത്ഥികളെ നിയമിക്കുക. 20ൽ 10 പേരെ പൊതു ഒഴിവിലും 10പേരെ സംവരണത്തിലും നിയമിക്കും. റാങ്ക് ലിസ്റ്റിലെ ആദ്യത്തെ 10 പേരെ പൊതു ഒഴിവിൽ നിയമിക്കുന്നു. ശേഷം 10 പേരെ അതാത് സമുദായക്കാരുടെ വിഹിതമനുസരിച്ച് സംവരണത്തിലും നിയമിക്കുന്നു. ആദ്യത്തെ 10 റാങ്കുകാരിൽ ദലിത്-പിന്നാക്ക വിഭാഗക്കാരുണ്ടെങ്കിൽ സംവരണത്തിന് പുറമേ പൊതു ഒഴിവിലും അവർക്ക് നിയമനം ലഭിക്കും. ഇത്രയും കാര്യങ്ങൾ ചെയ്യുതിൽ യാതൊരു തട്ടിപ്പും നടന്നിട്ടില്ല. അടവ് ഇതിനു ശേഷമാണ് അരങ്ങേറുന്നത്.

വീണ്ടും കുറേ പേരെ നിയമിക്കുന്നുവെന്നു കരുതുക. ഇതിനെ 20ന്റെ മറ്റൊരു യൂണിറ്റാക്കി മാറ്റും. രണ്ടാമത്തെ 20ന്റെ യൂണിറ്റിൽ ആദ്യത്തെ 10 പേരെ പൊതു ഒഴിവിലും 10 പേരെ സംവരണത്തിലും നിയമിതം. പൊതു ഒഴിവിലെ നിയമനത്തിലാണ് 'അടവ്-20' നടക്കുന്നത്. റാങ്ക് ലിസ്റ്റിലെ ആദ്യത്തെ 20ന്റെ യൂണിറ്റിൽ 10-ാം റാങ്ക് വരെയുള്ളവർക്ക് പൊതു ഒഴിവിൽ നിയമനം നൽകിയല്ലോ. രണ്ടാമത്തെ 20ന്റെ യൂണിറ്റിലെ പൊതു ഒഴിവിൽ 10-ാം റാങ്കിനു ശേഷമുള്ള ı രെയാണ് പരിഗണിക്കുക. 10ന് ശേഷമുള്ളതി 3 11,14,15,20,22,25,27 റാങ്കുകൾ നേടിയത് ദലിത്-പിന്നാക്ക വിഭാഗക്കാരും അല്ലാതുള്ളത് മുന്നാക്കവിഭാഗക്കാരുമാണെന്നു കരുതുക. രണ്ടാമത്തെ 20ന്റെ യൂണിറ്റിൽ പൊതു ഒഴിവിൽ 10ന് ശേഷം വരുന്ന റാങ്കുകാരെയാണല്ലോ പരിഗണിക്കുക. ഈ 10 പേർ ആരായിരിക്കും? സംശയിക്കേണ്ട. 12, 13, 16, 17, 18, 19, 21, 23, 24, 26 റാങ്കുകൾ നേടിയ മുന്നാക്കക്കാരായിരിക്കും. ഇങ്ങനെ രണ്ടാമത്തെ 20ന്റെ ആദ്യത്തെ യൂണിറ്റിൽ മാത്രമേ ദലിത്-പിന്നാക്കക്കാർക്ക് പൊതു ഒഴിവിൽ നിയമനം ലഭിക്കുകയുള്ളൂ. തുടർന്നുള്ള 20ന്റെ യൂണിറ്റുകളിൽ 50 ശതമാനം സവർണന്യൂനപക്ഷത്തിനും 50 ശതമാനം അവർണന്യൂനപക്ഷത്തിനും എന്ന സ്ഥിതിയാണുള്ളത്. 11-ാം റാങ്കുകാരൻ ഒരു പുലയനാണെന്നു കരുതുക. 11-ാം

ശേഷം പേജ് 7

# പി.എസ്.സി.യുടെ 'അടവ്_20'!

(പേജ് 5 തുടർച്ച)

റാങ്കുകാരനായ പുലയൻ സാധാരണക്കാരനാകുമ്പോൾ 26-ാം റാങ്ക് നേടിയ മുന്നാക്കക്കാരൻ പൊതു ഒഴിവിൽ ജോലി നേടുന്ന വൈരുദ്ധ്യത്തെ കുറിച്ച് ഒന്നാലോചിച്ചു നോക്കൂ. നിയമനത്തിന്റെ പട്ടിക നീളുമ്പോൾ 11-ാം റാങ്ക് നേടിയ പുലയൻ സംവരണക്കുറ്റിയിൽ തളയ്ക്കപ്പെടുമ്പോൾ 1111-ാം റാങ്ക് നേടിയ മുന്നാക്കക്കാരൻ 'യോഗ്യത'യിലൂടെ ജോലി നേടുന്ന വിരോധാഭാസമാണ് 'അടവ്-20' പദ്ധതിയിലൂടെ പി. എസ്. സി. നടത്തിക്കൊണ്ടിരിക്കുന്നത്.

സംവരണലക്ഷ്യം ശരിയായി പാലിക്കുകയാണെങ്കിൽ എന്താണ് സംഭവിക്കുന്നതെന്നു നോക്കാം. 40 പേരെ നിയമിക്കുമ്പോൾ ആദ്യത്തെ 20 റാങ്കുകാരെ പൊതു ഒഴിവിൽ നിയമിക്കണം. ഇങ്ങനെ വരുമ്പോൾ 11,14,15,20 റാങ്കുകൾ കിട്ടിയ ദലിത്-പിന്നോക്കക്കാർ പൊതു ഒഴിവിൽ വരും. സ്വാഭാവികമായും ഈ നാല് പേർക്ക് പകരം മറ്റ് നാല് പേർക്ക് സംവരണത്തിലൂടെ ജോലി ലഭിക്കും. ദലിത് പിന്നാക്കക്കാർക്ക് പൊതു ഒഴിവിലൂടെ ജോലി നേടാനുള്ള അവസരമാണ് 'അടവ്-20' പ്രകാരം പി. എസ്. സി. നഷ്ടപ്പെടുത്തുന്നത്. നിയമനത്തിന്റെ നീളമനുസരിച്ച് ചതിയുടെ നീളവും കൂടും.

പി. എസ്. സി. യുടെ ഈ 'അടവ്-20'നെ നേരിട്ട് പരാജയപ്പെടുത്തേണ്ട ബാധ്യത സാമൂഹികപ്രവർത്തകരായ ദലിത്-പിന്നാക്ക ജനതയ്ക്കും അവരോട് കൂറുള്ള മറ്റ് സമുദായക്കാർക്കുമുണ്ട്.